# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 5, No. 12 : ഡിസമ്പർ 2012**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**


***ധർമ്മ വാണി***

*ധർമ്മ ജഗേ തോ സുഖ് ജഗേ,*
*സബ് വിധ മംഗല ഹോയ്,*
*അന്തർ കീ ഗാഠേം ഖുലേം,*
*മാനസ് നിർമ്മല ഹോയ്*

ധർമ്മമുണർന്നാൽ സൗഖ്യമുണർന്നു,
എല്ലാവിധവും മംഗളമായ്,
അകത്ത് കെട്ടുകളഴിയട്ടെ,
മാനസം നിർമ്മലമായ്.

— **എസ. എൻ. ഗോയങ്ക**

## അകം വരെ അഹിംസകനാകേണ്ടതുണ്ട്

**എസ. എൻ. ഗോയങ്ക**

*(ജീ-ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 35 ാം ഭാഗം)*

ധർമ്മത്തെ മനസ്സിലാക്കണം, ശരിക്കും മനസ്സിലാക്കണം എന്നിട്ട് അതിനെ ധാരണം ചെയ്യണം. ധർമ്മം എന്താണ് ഇതിനെ മനസ്സിലാക്കിയേ ഇല്ല എങ്കിൽ എങ്ങനെ ധാരണം ചെയ്യും. ധർമ്മത്തിന്റെ പേരിൽ ഏതെങ്കിലും ആചാരാനുഷ്ഠാനം പാലിച്ചു കൊണ്ടിരിക്കും – ഞാൻ ധർമ്മിഷ്ഠനായി. അല്ലെങ്കിൽ ഏതെങ്കിലും വേഷഭൂഷകൾ ധരിച്ചിട്ട് വിചാരിക്കും, ഞാൻ ധർമ്മിഷ്ഠനായി. അല്ലെങ്കിൽ ഏതെങ്കിലും ദർശനവിശ്വാസത്തെ വിശ്വസിച്ച് വിചാരിക്കും, ഞാൻ ധർമ്മിഷ്ഠനായി. എന്നാൽ ആ പാവത്തിൽ ധർമ്മത്തിന്റെ തരി പോലുമില്ലായിരിക്കും.

അതിനാൽ ധർമ്മത്തെ വളരെ നല്ല രീതീയിൽ മനസ്സിലാക്കിക്കൊണ്ട് വേണം – ശീലത്തിന്റെ, സദാചാരത്തിന്റെ ജീവിതം ജീവിക്കുന്നില്ല എന്നിട്ട് വിശ്വസിക്കുകയാണ് ഞാൻ വളരെ ധർമ്മിഷ്ഠനാണ് എങ്കിൽ മറ്റുള്ളവരെ മാത്രമല്ല, തന്നെത്താൻ വഞ്ചിക്കുകയാണ്. സമാധിയിൽ പ്രതിഷ്ഠിതമാകാൻ പഠിക്കണം – സ്വന്തം മനസ്സിനു മേൽ സ്വന്തം ആധിപത്യം തന്നെയില്ല എന്നിട്ട് ഞാൻ വളരെ ധർമ്മിഷ്ഠനാണ് – ഈ ഭ്രമത്തിൽ ജീവിക്കുകയാണ് എങ്കിൽ മറ്റുള്ളവരെ മാത്രമല്ല, തന്നെത്തന്നെ വഞ്ചിച്ചു കൊണ്ടിരിക്കുകയാണ്.

സ്വന്തം ജ്ഞാനം ഉണർന്നില്ല, സ്വന്തം പ്രജ്ഞ ഉണർന്നില്ല, സ്വന്തം മനസ്സിന്റെ വികാരങ്ങളെ ഭൂരീകരിക്കാനുള്ള ഒരു ജോലിയും ചെയ്തില്ല. ആഴങ്ങളിൽ നിന്നും അതിന്റെ വേര് നീക്കം ചെയ്യാനുള്ള ഒരു ജോലിയും ചെയ്യുന്നുമില്ല എന്നിട്ട് കേവലം ധർമ്മത്തിന്റെ കാര്യങ്ങൾ കേട്ടു, ചിന്തയും മനനവും ചെയ്തു എന്നിട്ട് ഈ ഭ്രമത്തിലിരിക്കുകയാണ് – ഞാൻ വളരെ ധർമ്മിഷ്ഠനാണ്, ഞാൻ വളരെ ധർമ്മിഷ്ഠനാണ്, എങ്കിൽ ജീവൻ ഭ്രമത്തിൽ തന്നെ പോയി. മറ്റുള്ളവരെയും വഞ്ചിക്കുകയാണ്, ഏറ്റവും വലിയെ കാര്യം തന്നെ തന്നെ വഞ്ചിക്കുകയാണ്. അപകടകരമായ കാര്യമായി. ധർമ്മം സാർവ്വ ജനീനമാണ്. ഈ കാര്യത്തെ മനസ്സിലാക്കി ക്കൊണ്ടിരിക്കണം.

ഭാരതത്തിന്റെ പഴയ ഭാഷയിൽ ധർമ്മ നിയാമത എന്നാൽ – ധർമ്മത്തിന്റെ നിയമം എല്ലാവർക്കും ബാധകമാണ്. അത് അല്പം പോലും പക്ഷാപാതം ചെയ്യുന്നില്ല. ഈ ജാതിയുടെ ആയാലും ആ ജാതിയുടെ ആയാലും ശരി. ഈ വർണ്ണത്തിന്റെയായാലും ആ വർണ്ണത്തിന്റെയായാലും ശരി. ഈ വർഗ്ഗത്തിന്റെ യായാലും ആ വർഗ്ഗത്തിന്റെയായാലും ശരി. ഈ ദേശത്തിലെ ആയാലും ശരി, ആ ദേശത്തിലെ ആയാലും ശരി. ഈ നിറത്തിന്റെ രൂപത്തിന്റെ യായാലും, ആ നിറത്തിന്റെ രൂപത്തിന്റെയായാലും ശരി. ഈ ദർശനവിശ്വാസത്തെ വിശ്വസിക്കുന്ന വനായാലും ആ ദർശനവിശ്വാസത്തെ വിശ്വസിക്കുന്നവനായാലും ശരി. ഒരു വ്യത്യാസവും ഇല്ല. ധർമ്മത്തിന്റെ വ്യവസ്ഥ, ധർമ്മത്തിന്റെ നിയമം എല്ലാവരിലും ഒരു പോലെ ബാധകമാണ്.

നിയമത്തെ ലംഘിച്ച ഉടനെ തന്നെ ശിക്ഷ ലഭിക്കുന്നു, ഉടൻ തന്നെ ലഭിക്കുന്നു, സമയമെടുക്കില്ല. ആർക്കും രക്ഷപ്പെടാനും സാധിക്കില്ല. ശിക്ഷ അനുഭവിക്കുക തന്നെ വേണം. എന്നാൽ നിയമത്തെ ലംഘിക്കുന്നില്ലെങ്കിൽ സമ്മാനം ലഭിക്കും, ഉടൻ തന്നെ ലഭിക്കും.

സ്വന്തം മനസ്സിൽ വികാരം ഉണരാൻ അനുവദിക്കരുത്, നിയമം ഇതുതന്നെയാണ്. നിർമ്മല

ചിത്തത്തിന്റെ ആചരണം തന്നെയാണ് ധർമ്മം. മനസ്സിനെ മലിലമാക്കിയാൽ ഉടൻതന്നെ ശിക്ഷ ലഭിക്കും. അല്പമെങ്കിലും മലിനമാക്കിയാൽ തത്ക്കാലം ശിക്ഷ ലഭിക്കും.

രാജാവിന്റെ ശാസനത്തിൽ ജീവിക്കുകയാണ്. ഏതെങ്കിലും ഭരണകൂടത്തിന്റെ ശാസനത്തിൽ ജീവിക്കുകയാണ്. അപ്പോൾ രാജാവിന്റെ സ്വന്തം നിയമമാണ് – ഒരാൾ രാജാവിന്റെ നിയമങ്ങളെ ലംഘിക്കുകയാണെങ്കിൽ, പാലിക്കുന്നില്ലെങ്കിൽ, അവന് ശിക്ഷ ലഭിക്കുന്നു. എന്നാൽ ചിലപ്പോൾ അവൻ ശിക്ഷയിൽ നിന്നും രക്ഷപ്പെടാവുന്നതുമാണ്, മാത്രമല്ല ശിക്ഷ ലഭിക്കുന്നതിന് താമസം ഉണ്ടാകുന്നതും സ്വാഭാവികമാണ്. ഈ കോടതിയിൽ നിന്നും ആ കോടതി, ഈ കോടതിയിൽ നിന്നും ആ കോടതി, വളരെ സമയത്തിനു ശേഷം ശിക്ഷ ലഭിക്കും. ധർമ്മത്തിന്റെ നിയമത്തെ ലംഘിച്ചു, പ്രകൃതിയുടെ നിയമത്തെ ലംഘിച്ചു – രക്ഷപ്പെടാൻ കഴിയില്ല. ഏതൊരാൾ ലംഘിക്കുന്നോ അവന് ശിക്ഷ ലഭിക്കും. മാത്രമല്ല എപ്പോൾ ലംഘിക്കുന്നോ അപ്പോൾ ശിക്ഷ ലഭിക്കും. പ്രകൃതിയുടെ നിയമം തന്നെ ഇങ്ങനെയാണ്.

വികാരം ഉണർന്നാൽ വ്യാകുലനാകും, വികാരം ഉണർന്നാൽ വ്യാകുലനാകും. ഏതെങ്കിലും വ്യക്തി രാജ്യത്തിന്റെ നിയമത്തെ ലംഘിക്കുന്നില്ലെങ്കിൽ അവന് ശിക്ഷ ലഭിക്കില്ല, അത്രയേ ലാഭമുണ്ടാകുകയുള്ളു എന്നാൽ അവന് സമ്മാനം കൊടുക്കാൻ ആരും തന്നെയില്ല. പ്രകൃതിയുടെ നിയമത്തെ ലംഘിക്കുന്നില്ല, ധർമ്മത്തിന്റെ നിയമത്തെ ലംഘിക്കുന്നില്ല, എങ്കിൽ ശിക്ഷ ലഭിക്കുന്നില്ല എന്നാൽ സമ്മാനം ലഭിക്കുന്നു, ആ സമ്മാനം ഉടൻ തന്നെ ലഭിക്കുന്നു.

ഞാൻ സ്വന്തം ചിത്തത്തിൽ വികാരം ഉണർത്താൻ സമ്മതിച്ചില്ല. ധർമ്മത്തിന്റെ നിയമത്തെ ലംഘിച്ചില്ല. സ്വന്തം ചിത്തത്തെ വികാരങ്ങളിൽ നിന്നും മുക്തമാക്കി വച്ചു. ഉടൻ തന്നെ സമ്മാനം ലഭിക്കാൻ തുടങ്ങി. ഇവിടെ ഇപ്പോൾ തന്നെ സുഖശാന്തി ലഭിക്കാൻ തുടങ്ങി, വലിയ സുഖശാന്തി ലഭിക്കാൻ തുടങ്ങി. എന്തെന്നാൽ ചിത്തം വികാരങ്ങളിൽ നിന്നും മുക്തമാണ്, നിർമ്മലമാണ്, ശുദ്ധമാണ്. അതിനാൽ മൈത്രിയാൽ നിറഞ്ഞതാണ്, കരുണയാൽ നിറഞ്ഞതാണ്, സദ്ഭാവനയാൽ നിറഞ്ഞതാണ്. സമ്മാനം തന്നെ സമ്മാനം, സമ്മാനം തന്നെ സമ്മാനം. വികാരം ഉണരുകയാണെങ്കിൽ ദ്വേഷത്താൽ നിറഞ്ഞതാണ്, ദുർഭാവനയാൽ നിറഞ്ഞതാണ്, ആസക്തിയാൽ നിറഞ്ഞതാണ് അപ്പോൾ ശിക്ഷ തന്നെ ശിക്ഷ, ശിക്ഷ തന്നെ ശിക്ഷ.

ഇപ്പോൾ ഈ നിയമത്തെ ലംഘിക്കുന്ന വ്യക്തി, ധർമ്മത്തിന്റെ നിയമങ്ങളെ ലംഘിക്കുന്ന വ്യക്തി തന്നെത്താനെ ഹിന്ദുവെന്ന് വിളിച്ചാലും, ബൗദ്ധനെന്നു വിളിച്ചാലും, ജൈനനെന്ന് വിളിച്ചാലും, കൃസ്ത്യനെന്നു വിളിച്ചാലും, മുസ്ലിമെന്നു വിളിച്ചാലും, സിക്കെന്നു വിളിച്ചാലും ശരി. ഏതു പേരിലും വിളിച്ചോട്ടെ. ഒരു വ്യക്തി തന്നെ ബ്രാഹ്മണനെന്നു വിളിച്ചോട്ടെ, ക്ഷത്രിയനെന്നു വിളിച്ചോട്ടെ. വൈശ്യനെന്നു വിളിച്ചോട്ടെ, ശൂദ്രനെന്നു വിളിച്ചോട്ടെ; ഏതു പേരിലും വിളിച്ചോട്ടെ. ഒരു വ്യക്തി തന്നെ ഭാരതിയൻ എന്നു വിളിച്ചോട്ടെ, പാക്കിസ്ഥാനി എന്നു വിളിച്ചോട്ടെ, അമേരിക്കൻ എന്നു വിളിച്ചോട്ടെ, റഷ്യൻ എന്നു വിളിച്ചോട്ടെ, ഏതു പേരിലും വിളിച്ചോട്ടെ. ധർമ്മം ഈ കാര്യത്തെ നോക്കുന്നില്ല നിയമങ്ങളെ ലംഘിക്കുന്ന വ്യക്തി തന്നെ ഏതു പേരിലാണ് വിളിക്കുന്നത്, ജനങ്ങൾ അയാളെ ഏതു പേരിലാണ് വിളിക്കുന്നത്, ധർമ്മത്തിന് ഈ കാര്യവുമായി ബന്ധമില്ല. പ്രകൃതിക്ക് ഈ കാര്യവുമായി ബന്ധമില്ല. ലംഘിക്കുകയാണെങ്കിൽ ഉടൻ തന്നെ ശിക്ഷ ലഭിക്കുന്നു.

ലംഘിക്കുന്നില്ല, എന്നാലും ഈ ലംഘിക്കാത്ത വ്യക്തി തന്നെ ഏതു പേരിലാണ് വിളിക്കുന്നത് എന്ന് നോക്കുന്നില്ല. ജനങ്ങൾ ഇയാളെ ഏതു പേരിലാണ് വിളിക്കുന്നത്. ധർമ്മം നോക്കുന്നില്ല. ഇയാൾ നിയമം ലംഘിക്കുന്നില്ല, വികാരം ഉണർത്തുന്നില്ല എങ്കിൽ ഉടൻ തന്നെ സമ്മാനം ലഭിക്കുന്നു. ധർമ്മത്തിന്റെ സനാതന നിയമമാണ്. സ്വന്തം അറിവില്ലായ്മയാൽ ജനങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ പാവം ധർമ്മം എന്തു ചെയ്യാനാണ്?

ഏതൊരു വ്യക്തി എത്ര വേഗം ധർമ്മത്തിന്റെ നിയമങ്ങളെ മനസ്സിലാക്കുന്നുവോ, പ്രകൃതിയുടെ നിയമങ്ങളെ മനസ്സിലാക്കുന്നുവോ, വ്യവസ്ഥയെ മനസ്സിലാക്കുന്നുവോ, അവൻ സ്വന്തം ജീവിതത്തെ ആ നിയമങ്ങൾക്കനുസരിച്ച് വാർത്തെടുക്കാൻ തുടങ്ങുന്നു, വളരെ സുഖമുള്ളവനായിത്തീരുന്നു. ജീവിതത്തിൽ സുഖം തന്നെ സുഖം, ജീവിതത്തിൽ ശാന്തി തന്നെ ശാന്തി. സഹോദരാ, മനസ്സിലാക്കിയല്ലോ – ഇവന്റെ പേര് ഇതാണെങ്കിലും അതാണെങ്കിലും ഒരു വ്യത്യാസവും വരില്ല.

ഏതൊരു കാര്യത്താലും വ്യത്യാസം വരില്ല. പുറമേ പുറമേ ആയ കാര്യം എങ്ങനെ വേണമെങ്കിലും ആകട്ടെ, എന്നാൽ ഉള്ളിൽ സ്വന്തം മനസ്സിനെ സമതയിൽ നിറുത്തണം. രാഗം ഉണരാൻ സമ്മതിക്കരുത്, ദ്വേഷം ഉണരാൻ സമ്മതിക്കരുത്. ഒരു തരത്തിലുള്ള വികാരവും ഉണരാൻ സമ്മതിക്കരുത്, എങ്കിൽ സമ്മാനം തന്നെ സമ്മാനം. ജനങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ ഏതെങ്കിലും വിവേകിയായ വ്യക്തി അവരെ മനസ്സിലാക്കിക്കുന്നു.

ഗൗതമ ബുദ്ധൻ ബുദ്ധനാകുന്നതിന് മുമ്പ്, അനേക ജന്മങ്ങൾക്ക് മുൻപ് ദീപങ്കര ബുദ്ധനുമായി അദ്ദേഹം കണ്ടുമുട്ടിയിരുന്നു – ആ സമയത്ത് സുമേധ് എന്നു പേരുള്ള ബ്രാഹ്മണ തപസ്വിയായിരുന്നു. കൂടാതെ മനസ്സിൽ ഈ ആഗ്രഹവും ഉണർന്നു, ഞാനും ഈ ദീപങ്കരനെപ്പോലെ സമ്യക് സംബുദ്ധനെപ്പോലെ സംബുദ്ധനായിത്തീരണം. ദീപങ്കര ബുദ്ധൻ നോക്കി, സ്വന്തം ചിത്തത്താൽ അദ്ദേഹത്തിന്റെ ചിത്തത്തിന്റെ അവസ്ഥ നോക്കി മനസ്സിലാക്കി, ആകാൻ സാധിക്കും, യോഗ്യതയുണ്ട്, ക്ഷമതയുണ്ട്. വളരെ പരിശ്രമിക്കേണ്ടതുണ്ട് എന്ന് അറിയുമായിരുന്നു. അദ്ദേഹത്തിനും അറിയാമായിരുന്നു; വളരെ പരിശ്രമിക്കേണ്ടി വരും. മുക്തനാകാൻ ആഗ്രഹിക്കുകയാണെങ്കിൽ ഇപ്പോൾ വിപശ്യന വിദ്യ അഭ്യസിച്ച് മുക്തനാകാമായിരുന്നു. എന്നാൽ ഇല്ല, കേവലം എന്റെ മുക്തിയാൽ എന്തു ലഭിക്കാനാണ്? എനിക്ക് അനേകം പേരുടെ മുക്തിക്ക് സഹായകമായിത്തീരേണ്ടതുണ്ട്. അതിനാൽ നിർണ്ണയം ചെയ്യുന്നു, സമ്യക്സംബുദ്ധൻ ആയിത്തീരണം. അദ്ദേഹത്തിന്റെ ആശീർവ്വാദം ലഭിക്കുന്നു. എന്നാൽ ആരുടെയെങ്കിലും കേവലം

ആശീർവ്വാദത്താൽ ഏതെങ്കിലും വ്യക്തി സമ്യക്സംബുദ്ധനായിത്തീരുന്നില്ല. എത്രയോ ജന്മങ്ങൾ വരെ ധർമ്മബലം, ധർമ്മബലത്തിനായി വളരെ പരിശ്രമിക്കേണ്ടതുണ്ട്.

അത്തരം പത്തു ശക്തികളുണ്ട്, അവയെ പാരമിതകൾ എന്നു വിളിക്കുന്നു. മറുകര കടക്കാനുള്ള ശക്തികൾ, ഈ ഭവസാഗരത്തെ തരണം ചെയ്യാനുള്ള ധർമ്മത്തിന്റെ ശക്തികൾ, അതിനെ സംഗ്രഹം ചെയ്യുന്നു, സഞ്ചയം ചെയ്യുന്നു. ബലം വർദ്ധിപ്പിക്കുന്നു, ബലം വർദ്ധിപ്പിക്കുന്നു. അപ്പോൾ ഒരു ജീവനിൽ ബ്രാഹ്മണന്റെ വീട്ടിൽ ജനിച്ചു. രാജാവിന്റെ അടുത്ത് പുരോഹിതനായി, രാജപുരോഹിതൻ. വലിയ പദവി, വലിയ ആദരവ്. ബോധിസത്വമായതിനാൽ വളരെ വിവേക മുണ്ടായിരുന്നു. കൂടാതെ ധർമ്മം എന്താണ് ഇതിനെപ്പറ്റിയും അറിവുണ്ടായിരുന്നു. മാത്രമല്ല ജനങ്ങൾ ധർമ്മത്തിന്റെ പേരിൽ എപ്രകാരമാണ് ഭ്രമിച്ചിരിക്കുന്നത് എന്നും അറിയാമായിരുന്നു. അതിനാൽ കരുണ ഉണരുന്നു. അവരെ മനസ്സിലാക്കിക്കുന്നു. ജനങ്ങൾ മനസ്സിലാക്കുന്നില്ല, മനസ്സിലാക്കുന്നില്ല. ഈ ആചാരനുഷ്ഠാനത്തെ ധർമ്മമെന്ന് വിശ്വസിക്കുന്നു. ഈ ദർശന വിശ്വാസത്തെ ധർമ്മമെന്ന് വിശ്വസിക്കുന്നു. ഈ ബാഹ്യ ആഢംബരത്തെ ധർമ്മമെന്ന് വിശ്വസിച്ചു കൊണ്ടിരിക്കുന്നു. വിശ്വസിച്ചുകൊണ്ടേയിരിക്കുന്നു. ഏതുതരത്തിൽ മനസ്സിലാക്കിയിട്ടും അവർക്ക് മനസ്സിലാകുന്നില്ല. അപ്പോൾ അദ്ദേഹം ഒരു ഉപായം വിചാരിച്ചു. ഞാൻ ഒരു രീതിയിലൂടെ ജനങ്ങളെ മനസ്സിലാക്കിക്കുന്നതിന് പ്രയത്നിക്കും എന്ന് ആദ്യം തന്നെ രാജാവിനോട് പറഞ്ഞു. രാജാവ് പറയുന്നു, ശരി, ചെയ്യുക. നല്ല കാര്യം, ജനങ്ങൾക്ക് മനസ്സിലായാൽ ജനനന്മയാകും. എന്റെ പ്രജകൾ സന്തോഷവാൻമാരാകും.

എന്നിട്ട് ഈ രാജപുരോഹിത ബ്രാഹ്മണൻ ഒരു വലിയ ആഭരണ വില്പനശാലയിൽ പോകുന്നു എന്നിട്ട് അവരുടെ ആഭരണങ്ങൾ നോക്കുന്നു, വില ചോദിക്കുന്നു. ചിലപ്പോൾ ഈ ആഭരണം നോക്കി, ചിലപ്പോൾ അത് നോക്കി. ഇങ്ങനെ നോക്കി–നോക്കി ഒരു ആഭരണം സ്വന്തം പോക്കറ്റിലിട്ടു. ആ ആഭരണ വില്പനക്കാരൻ കാണത്തക്കവിധത്തിൽ തന്നെ യാണ് ഇട്ടത്. ആഭരണവില്പനക്കാരൻ കാണുന്നു, അയ്യോ, രാജപുരോഹിതൻ, ഈ ബ്രാഹ്മണൻ ഇത് എന്താണ് ചെയ്യുന്നത്? പോക്കറ്റിലിട്ടു എന്നിട്ട് അയാളെ ആശീർവ്വദിച്ച് നടക്കാൻ തുടങ്ങി. ആഭരണക്കാരൻ നോക്കി, ഇയാൾ എന്റെ അലങ്കാരം എടുത്തു പോകുകയാണ്. ആഭൂഷണം എടുത്തു കൊണ്ട് പോകുകയാണ് അതിനാൽ അദ്ദേഹത്തെ പിടിച്ചു, മഹാരാജ്, താങ്കൾ മോഷ്ടിച്ചുകൊണ്ടു പോകുകയാണ്.

താങ്കളുടെ പോക്കറ്റിൽ എന്റെ ആഭരണമുണ്ട്. കൈയ്യോടെ പിടിച്ചു. കൈയ്യോടെ പിടിച്ചതിനാൽ കാര്യം ന്യായാധിപന്റെ പക്കലെത്തി. ന്യായാധിപൻ എല്ലാ കാര്യവും മനസ്സിലാക്കി എന്നിട്ട് പറഞ്ഞു –

ബ്രാഹ്മണാ, താങ്കൾ തെറ്റു ചെയ്തു, താങ്ങൾക്ക് ശിക്ഷ ലഭിക്കും.

അപ്പോൾ പറഞ്ഞു, എന്തിന് ശിക്ഷ ലഭിക്കും? ഞാൻ ബ്രാഹ്മണൻ ആണ് എന്ന് താങ്കൾക്ക് നന്നായി അറിയാം.

ബ്രാഹ്മണൻ ആണെങ്കിലെന്താണ്? രാജ്യത്തിന്റെ നിയമം ലംഘിച്ചു, താങ്കൾ ശിക്ഷ അനുഭവിക്കുകതന്നെ വേണം.

ഞാൻ രാജപുരോഹിതനാണ് എന്ന് താങ്കൾക്ക് നന്നായി അറിയാം. രാജ പുരോഹിതനാകാം, എന്തു ചെയ്യാനാണ് എനിക്ക് താങ്കളോട് സഹാനുഭൂതിയുണ്ട്, എന്തുചെയ്യാനാണ്, താങ്കൾ നിയമം ലംഘിച്ചു, രാജ്യത്തിന്റെ നിയമത്തെ ലംഘിച്ചു, മോഷണം നടത്തി, താങ്കൾക്ക് ശിക്ഷ ലഭിക്കും.

ന്യായാധിമഹാരാജ്, താങ്കൾ മനസ്സിലാക്കി യാലും, ഞാൻ നെറ്റിയിൽ തിലകം ചാർത്തുന്നവനാണ്, കുടുമവക്കുന്നവനാണ്, പൂണൂൽ ധരിക്കുന്നവനാണ് മാത്രമല്ല മഞ്ഞ വസ്ത്രം ധരിക്കുന്നവനാണ് എന്നിട്ട് താങ്കൾ എന്നെ ശിക്ഷിക്കുമോ?

എന്തു ചെയ്യാനാണ്, നിയമം ലംഘിച്ചില്ലെ? ശിക്ഷ ഉണ്ടാകുകതന്നെ ചെയ്യും. അനുഭവിക്കുക തന്നെ വേണം.

താങ്കൾ മനസ്സിലാക്കിയാലും, ഞാൻ ഇത്തരം ആചാരാനുഷ്ഠാനങ്ങൾ ചെയ്യുന്നവനാണ്, ഇങ്ങനെ പൂജ, അർച്ചന ചെയ്യുന്നവനാണ്, താങ്കൾ എനിക്ക് ശിക്ഷ തരുമോ? ഇത്തരം ധർമ്മിഷ്ഠ വ്യക്തിയാണ്.

ശിക്ഷ അനുഭവിക്കുക തന്നെ വേണം. താങ്കൾ മോഷ്ടിച്ചില്ലെ, മാത്രമല്ല കൈയ്യോടെ പിടിക്കപ്പെടുകയും ചെയ്തു.

ന്യായാധിപരെ, ഒരു കാര്യം കൂടി മനസ്സിലാക്കിയാലും, ഞാൻ ആത്മാവിന്റെ അസ്ഥിത്വത്തിൽ വിശ്വസിക്കുന്നവനാണ്, ഞാൻ പരമാത്മാവിന്റെ അസ്ഥിത്വത്തിൽ വിശ്വസി ക്കുന്നവനാണ്, ഇത്തരം ദർശനവിശ്വാസമുള്ള വ്യക്തി, എന്നിട്ടും താങ്കൽ എനിക്ക് ശിക്ഷ തരുന്നോ?

എന്തു ചെയ്യും? മോഷ്ടിച്ചില്ലെ, അപ്പോൾ ശിക്ഷ ലഭിക്കുക തന്നെ ചെയ്യും, ശിക്ഷ ലഭിക്കുക തന്നെ ചെയ്യും.

കാര്യം രാജാവിന്റെ പക്കലെത്തി. രാജാവാകട്ടെ മനസ്സിലാക്കിയിരുന്നു. ഇപ്പോൾ ഈ കാര്യത്തെപ്പറ്റി ആ രാജപുരോഹിതൻ ജനങ്ങളെ മനസ്സിലാക്കിക്കുന്നു – നോക്കൂ, സഹോദരാ, ഒരു രാജ്യത്തെ നിയമമാണ്, അതിനെ ആരെങ്കിലും ലംഘിച്ചാൽ ന്യായാധിപന് പക്ഷപാതം ചെയ്യാൻ സാധിക്കില്ല. അദ്ദേഹത്തിന് നിയമങ്ങൾ അനുസരിച്ച് ശിക്ഷ കൊടുക്കേണ്ടി വരുന്നു. ഇതാകട്ടെ പ്രകൃതിയുടെ നിയമമാണ്, ധർമ്മത്തിന്റെ നിയമമാണ്. ലംഘിച്ചാൽ ശിക്ഷ ലഭിക്കുക തന്നെ ചെയ്യും. നിങ്ങളുടെ ഈ ബാഹ്യ ആഡംബരം നിങ്ങളെ സഹായിക്കില്ല. നിങ്ങളുടെ ആചാരാനു ഷ്ഠാനം നിങ്ങളെ സഹായിക്കാൻ വരില്ല. നിങ്ങളുടെ ഈ ദർശനവിശ്വാസം ഇത്തരത്തിലായാലും അത്തരത്തിലായാലും, നിങ്ങളുടെ സഹായം ചെയ്യാൻ വരില്ല.

നിയമം ലംഘിച്ചില്ലെങ്കിൽ പുരസ്കാരം തന്നെ പുരസ്കാരം. ഒരു ശിക്ഷയും ലഭിക്കില്ല, കൂടാതെ സമ്മാനവും ലഭിക്കും. ഇങ്ങനെ ജനങ്ങളെ മനസ്സിലാക്കി. ഏതു വ്യക്തിക്ക് ഈ അറിവ് എത്ര

വേഗം വരുന്നുവോ, പാവത്തിന് നന്മയാകാൻ തുടങ്ങുന്നു. മംഗളമാകാൻ തുടങ്ങുന്നു. അതല്ലെങ്കിൽ പാവം കുടുങ്ങിയിരിക്കുന്നു, ജീവിതം മുഴുവൻ ധർമ്മത്തിന്റെ പേരിൽ ഭ്രമത്തിൽ കഴിച്ചുകൂട്ടുന്നു, വഞ്ചനയിൽ കഴിച്ചുകൂട്ടുന്നു. ധർമ്മത്തിന്റെ ശുദ്ധസ്വരൂപം മനസ്സിലായെങ്കിൽ ധർമ്മം ധാരണം ചെയ്യുന്നതിന് സഹായകമാകും.

ശീലത്തിന്റെ പാലനം ചെയ്യുന്നതിന് മനസ്സിനെ വശത്താക്കുന്നത് അതി ആവശ്യമാണ്. നമ്മൾ നമ്മുടെ കായിക കർമ്മങ്ങളെ നന്നാക്കണം. നമ്മൾ നമ്മുടെ വാചിക കർമ്മങ്ങളെ നന്നാക്കണം. ഇവയെ നിയന്ത്രിക്കണം.

'കായേന സംവരോ സാധു, സാധു വാചായ സംവരോ'.

കായികകർമ്മങ്ങളിൽ നിയന്ത്രണം ചെയ്യൽ, സംയമം ചെയ്യൽ വളരെ നല്ലതാണ്. വളരെ നല്ലതാണ്. വാണിയുടെ കർമ്മങ്ങളിൽ നിയന്ത്രണം ചെയ്യൽ, സംയമം ചെയ്യൽ. വളരെ നല്ലതാണ്, വളരെ നല്ലതാണ്. എന്നിട്ട് പറയുകയാണ് –

'മനസാ സംവരൊ സാധു', എന്നാൽ അധികം ഗുണം ഈ കാര്യത്തിലാണ് എന്തെന്നാൽ സ്വന്തം മനസ്സിന്റെ നിയന്ത്രണം. മനസ്സിനെ സംയമം ചെയ്യണം. കൂടാതെ മനസ്സിലും – പുറമെ പുറമെയുള്ള തലത്തിൽ മാത്രം ചെയ്തിരിക്കരുത്. അന്തർമനസ്സിന്റെ ആഴങ്ങളിൽ 'സബ്ബത്ഥ സംവരൊ സാധു.' സർവ്വത, എല്ലായിടത്തും നിയന്ത്രണം തന്നെ നിയന്ത്രണം, നിയന്ത്രണം തന്നെ നിയന്ത്രണം, സംയമം തന്നെ സംയമം.. മനസ്സിന്റെ പുറം ഭാഗം തൊട്ട് ആഴങ്ങൾ വരെ, ആഴങ്ങൾ വരെ, വേരുകൾവരെ നിയന്ത്രണമുണ്ടാകണം. 'സബ്ബത്ഥ സംവുത്തൊ ഭിക്ഖു, സബ്ബ ദുക്ഖ പമുജ്ജതി'. ആര് ഈ സംയമം ചെയ്യാൻ തുടങ്ങിയോ, ആഴങ്ങൾവരെ സംയമം ചെയ്യാൻ തുടങ്ങിയോ, മുഴുവൻ ദുഖങ്ങളിൽ നിന്നും മുക്തനാകാൻ തുടങ്ങി.

ആഴങ്ങൾവരെ എങ്ങനെ സംയമം ചെയ്യും. ധർമ്മത്തിന്റെ വിദ്യ ഇതുതന്നെയാണ്. സാർവ്വ ജനീനമായ ധർമ്മത്തിന്റെ വിദ്യ ഇതുതന്നെയാണ്. അന്തർമുഖിയായിക്കൊണ്ട് ആഴങ്ങൾവരെ – ആഴങ്ങൾവരെ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ പുറമെപുറമെയുള്ള ചിത്തം, ഇതിനെ നമ്മൾ ആയിരം മനസ്സിലാക്കുന്നു – രാഗം ചെയ്യാൻ പാടില്ല, ദ്വേഷം ചെയ്യാൻ പാടില്ല പ്രജ്ഞയിൽ സ്ഥിതമാകേണ്ടതുണ്ട്. സ്ഥിതപ്രജ്ഞനാകേണ്ടതുണ്ട്, രാഗവിഹീനനാകേണ്ടതുണ്ട്, ദ്വേഷവിഹീന നാകേണ്ടതുണ്ട്. മനസ്സിലാക്കുന്നു, സ്വീകരിക്കുകയും ചെയ്യുന്നു. പ്രയത്നവും ചെയ്യുന്നു, തന്നെത്താൻ നന്നാക്കാനുള്ള പ്രയത്നം ചെയ്യുന്നു. ആ ചെറിയ ഭാഗത്ത് – പുറമെപുറമെ ഒരു ലേപം, നല്ല ലേപം, നല്ല നിറം ആയി. അയ്യോ ഈ ലേപം എപ്പോൾ വേണമെങ്കിലും മുറിയാം. വികാരങ്ങളുടെ വേര് ഉള്ളിലുണ്ട്. ആ ദിനങ്ങളിലെ ഭാഷയിൽ അതിനെ 'അനുശയ ക്ലേശം' എന്ന് വിളിച്ചു, ഉറങ്ങിയിരിക്കുകയാണ്. ഈ സുഷുപ്ത അഗ്നിപർവ്വതം. ഉള്ളിൽ. എപ്പോൾ ഏത് അഗ്നിപർവ്വതം പൊട്ടിത്തെറിക്കുമെന്ന് ആർക്കറിയാം. എത്ര ഭവ സംസ്കാരങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്, എത്ര ജന്മങ്ങളായി കല്ലിൽ വരച്ച പോലുള്ളവ, എല്ലാറ്റിനെയും ഉള്ളിൽ പേറിയിരിക്കുകയാണ്. അത് ഒരു ജന്മത്തിൽ നിന്നും അടുത്ത ജന്മം, ഒരു ജന്മത്തിൽ നിന്ന് അടുത്ത ജന്മം, ഒപ്പം–ഒപ്പം, ഒപ്പം–ഒപ്പം, ഉറങ്ങി–ഉറങ്ങി, ഉറങ്ങി–ഉറങ്ങി അനുസരണം ചെയ്തുകൊണ്ടു പോകുകയാണ്, ചിത്തത്തിന്റെ അനുകരണം ചെയ്തു കൊണ്ട് പോകുകയാണ്. അതിനാൽ അവയെ അനുശയ ക്ലേശം എന്നു വിളിച്ചു. അനുശയവികാരം എന്നു വിളിച്ചു.

അവയിൽ നിന്ന് എന്ത് എപ്പോൾ പൊട്ടിത്തെറിക്കുമെന്ന് ആർക്കറിയാം? അവിടെ നേരേയാകേണ്ടത് അത്യാവശ്യമാണ്. ഈ അനുശയ ക്ലേശം പോകണം. അവ പുറത്തു വരണം. പുറത്തു വന്ന് ഇല്ലാതാകണം, ക്ഷയിക്കണം; പുറത്തു വരണം, ക്ഷയിക്കണം, ഇല്ലാതാകണം. എങ്കിൽ ആഴങ്ങളിൽ നിന്ന് ജോലി നടക്കാൻ തുടങ്ങി. വിപശ്യന ചെയ്യുകയാണെങ്കിൽ ഇതേ ആഴങ്ങളിൽ നിന്നു തന്നെയാണ് ജോലി ചെയ്യുന്നത്. അതല്ലെങ്കിൽ പാവം ധ്യാനത്തിലിരിക്കുകയാണെങ്കിൽ എന്തു ധ്യാനത്തിലാണിരിക്കുന്നത്? ഇരുന്ന ഉടനെ ഈ കാര്യം ഓർമ്മവരും, ആ കാര്യം ഓർമ്മ വരും. ആ മുഴുവൻ ലോക കാര്യങ്ങളും മനസ്സിൽ കറങ്ങുന്നു. അയ്യോ, എന്റെ ആഗ്രഹം പൂർത്തീകരിക്കപ്പെട്ടില്ല. ഇപ്പോൾ ഈ ധ്യാനം ചെയ്യട്ടെ. അപ്പോൾ ഇതിന്റെ പുണ്യത്താൽ എന്റെ ആ ആഗ്രഹം പൂർത്തിയാകണം, അത് പൂർത്തിയാകണം. എന്റെ ഈ ആഗ്രഹം പൂർത്തിയാകണം, എന്റെ ആ ആഗ്രഹം പൂർത്തിയാകണം. എങ്കിൽ ആർത്തധ്യാനം തന്നെ ആർത്തധ്യാനം.

ധ്യാനം ധ്യാനം തന്നെയാണ്. എന്നാൽ ആർത്ത ധ്യാനം – വളരെ വ്യാകുലനാണ്. ഇത് വേണം, ഇത് വേണം, എപ്പോൾ ഇത് സംഭവിക്കുന്നില്ലയോ അപ്പോൾ രൗദ്ര ധ്യാനം, അവൻ എന്റെ ഇത്ര അഹിതം ചെയ്തു. അവനോട് ഇങ്ങനെ പ്രതികാരം ചെയ്യും. ഇങ്ങനെ പകരം വീട്ടും, ഇങ്ങനെ പ്രതിഹിംസ. അയ്യോ, രൗദ്രം തന്നെ രൗദ്രം, രൗദ്രം തന്നെ രൗദ്രം. രാഗത്താൽ നിറഞ്ഞ ആർത്തധ്യാനം ചെയ്യുകയാണ്, ദ്വേഷത്താൽ നിറഞ്ഞ രൗദ്രധ്യാനം ചെയ്യുകയാണ്. രൗദ്രം തന്നെ രൗദ്രം, ആർത്തം തന്നെ ആർത്തം, ധ്യാനം ചെയ്യാൻ അറിയില്ല.

വിപശ്യനയാൽ ധ്യാനം ചെയ്യാൻ പഠിക്കുന്നു. ധ്യാനമാകട്ടെ ധർമ്മധ്യാനം, ധർമ്മം എന്താണ് എപ്രകാരമാണ്? അന്തർമനസ്സിന്റെ ആഴങ്ങൾ വരെ ഒരു സുഖകരമായ സംവേദന ശരീരത്തിൽ ഉണരുന്നു അപ്പോൾ അന്തർ മനസ്സിന്റെ ആഴങ്ങളിലുള്ള ചിത്തം രാഗത്തിന്റെ പ്രതിക്രിയ ചെയ്യാൻ തുടങ്ങി. ഒരു ദുഖകരമായ സംവേദന ഉണർന്നു അപ്പോൾ നോക്കൂ ദ്വേഷത്തിന്റെ ഈ പ്രതിക്രിയ ചെയ്യാൻ തുടങ്ങി. ബോധം ഉണരുന്നു. അപ്പോൾ ധർമ്മത്തിന്റെ ധ്യാനം – നോക്കൂ, രാഗം ഉണർത്തിയ ഉടനെ, ശിക്ഷ ലഭിക്കാൻ തുടങ്ങി. ദ്വേഷം ഉണർത്തിയ ഉടനെ നോക്കു, ശിക്ഷ ലഭിക്കാൻ തുടങ്ങി. അപ്പോൾ ഞാൻ പ്രതിക്രമണം ചെയ്തു. രാഗം ഉണരാൻ സമ്മതിച്ചില്ല, ദ്വേഷം ഉണരാൻ സമ്മതിച്ചില്ല. ശിക്ഷ അവസാനിച്ചു. ഇപ്പോൾ ശിക്ഷയില്ല. അതിനാൽ ധർമ്മത്തെ ശരിക്കും മനസ്സിലാക്കുന്നു. ഈ ധർമ്മധ്യാനമാണ്, അന്തർമനസ്സിന്റെ ആഴങ്ങൾവരെ ചെയ്യുന്നത് എങ്കിൽ ശുക്ള ധാന്യം ആകാൻ തുടങ്ങി. ശുക്ള ധ്യാനം

എന്താണ് – ചിത്തത്തിന്റെ അന്ധകാരം ദൂരമാകാൻ തുടങ്ങി. ശുക്ളം തന്നെ ശുക്ളം, നിർമ്മലത തന്നെ നിർമ്മലത, വെളുപ്പു തന്നെ വെളുപ്പ്. ആ ധ്യാനം ചെയ്യേണ്ടതുണ്ട്.

അഥവാ അന്തർമനസ്സിന്റെ ആഴങ്ങൾവരെ അദ്ധാനിക്കുന്നില്ല എങ്കിൽ പുറമെ പുറമെ ലേപനം ചെയ്തുകൊണ്ട് നമ്മൾ ദുഖങ്ങളിൽ നിന്നു മുക്തമായിക്കൊണ്ടിരിക്കുകയാണ്, വികാരങ്ങളിൽ നിന്നു മുക്തമായിക്കൊണ്ടിരിക്കുകയാണ് എന്ന് നമ്മൾ വിചാരിക്കും. വീണ്ടും വഞ്ചനയുടെ കാര്യമായി. ഒന്നുമില്ലായ്മയേക്കാൾ നല്ലതാണ്. പുറമെ പുറമെയെങ്കിലും നമ്മൾ ചിത്തത്തെ നിർമ്മലമാക്കി. അത്ര ലാഭമുണ്ടായി. പൂർണ്ണ ലാഭമുണ്ടായില്ല. പൂർണ്ണ ലാഭമുണ്ടാകുന്നതിന് അന്തർമനസ്സിന്റെ ആഴങ്ങളിൽ പോകേണ്ടതുണ്ട് കൂടാതെ പുറമെപുറമെയുള്ള ചിത്തത്തിന് ഈ ഉള്ളിലെ അന്തർമനസ്സ് എന്താണ് ചെയ്തു കൊണ്ടിരിക്കുന്നത് എന്ന് അറിയുന്നില്ല. ഇതിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? ഉള്ളിലുള്ള അന്തർമനസ്സിന്, പുറത്തുള്ള ചിത്തം ബുദ്ധിയാൽ എന്താണ് ചിന്തിച്ചുകൊണ്ടിരിക്കുന്നത്, എന്താണ് മനസ്സിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് അറിയുന്നില്ല. പുറമെയുള്ള, ബുദ്ധിയുള്ള ചിത്തം ശരിക്കും മനസ്സിലാക്കിയിട്ടുണ്ട്, രാഗം ചെയ്യാൻ പാടില്ല, ദ്വേഷം ചെയ്യാൻ പാടില്ല – ഈർഷ്യ ചെയ്യാൻ പാടില്ല, മാത്സര്യം ചെയ്യാൻ പാടില്ല, അഹങ്കാരം ചെയ്യാൻ പാടില്ല. അത് പ്രയ്തനം ചെയ്യുകയാണ്. ചെയ്യാൻ പാടില്ല, ചെയ്യില്ല.

ഈ പുറമെ പുറമെയുള്ള ചിത്തം, വികാരം ജനിപ്പിച്ചാൽ വളരെ ഹാനിയുണ്ടാകും എന്ന് ശരിക്കും മനസ്സിലാക്കുന്നുണ്ട്. ഉള്ളിലുള്ളതിന് ഒട്ടും തന്നെ ബോധമില്ല. അതാകട്ടെ ശരീരത്തിൽ എവിടെയെങ്കിലും ഏതെങ്കിലും പ്രിയങ്കരമായ അനുഭൂതി ഉണ്ടായാൽ രാഗം ഉണർത്താൻ തുടങ്ങുന്നു. എവിടെയെങ്കിലും അപ്രിയ അനുഭൂതി ഉണ്ടായാൽ ദ്വേഷം ഉണർത്താൻ തുടങ്ങുന്നു. അത് സ്വന്തം സ്വഭാവകുരുക്കിൽ ബന്ധനസ്ഥനാണ്. അതിന് അതിന്റെ ഒരു സ്വഭാവശൈലിയുണ്ട്. അതിന്റെ സ്വന്തം സ്വഭാവശൈലിയുണ്ട്. – തീർത്തും അതനുസരിച്ച് ജോലി ചെയ്യും. അതെങ്ങനെ മുറിയും? അപ്പോൾ ഈ ആഴത്തിലുള്ള അന്തർമനസ്സും പുറമെയുള്ള പുറം മനസ്സും, ഇത് രണ്ടിനും ഇടക്ക് വളരെ ഘനമുള്ള മതിൽ കെട്ടുകൾ – പുറമെയുള്ളതിന്റെ സന്ദേശം താഴേക്കു പോകുന്നില്ല, താഴെയുള്ളതിന്റെ സ്ഥിതി എന്താണ് ഇത് മുകളിലുള്ളതും അറിയുന്നില്ല. വിപശ്യന ചെയ്ത് ചെയ്ത് മതിൽ മുറിഞ്ഞു പോകുന്നു. എപ്പോൾ സംവേദനകളിൽ ജോലി ചെയ്യാൻ തുടങ്ങുന്നുവോ അപ്പോൾ അന്തർമനസ്സിന്റെ ആഴങ്ങൾ വരെ പോയി. എന്തെന്നാൽ അന്തർമനസ്സ് പ്രതിക്ഷണം ഈ സംവേദനകൾക്ക് ഒപ്പം ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. മുകളിലുള്ളതിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത് എന്ന അത് അറിയുന്നില്ല.

ഇപ്പോൾ അത്തരം ബോധം ഉണരും, അത്തരം ചേതന ഉണരും. അത്തരം അറിവ് ഉണരും. മുകളിൽ നിന്ന് താഴെ, സർവ്വത്ര, 'സബ്ബത്ഥ സംവുത്തൊ ഭിക്ഖു', എല്ലായിടത്തും സംയമമായിത്തീരും. എല്ലായിടവും മനസ്സിലാക്കാൻ തുടങ്ങും, രാഗം ഉണർത്തരുത്, ദ്വേഷം ഉണർത്തരുത്. അല്ലെങ്കിൽ ദുഖം തന്നെയാണ് വരാൻ പോകുന്നത്, ദുഖം തന്നെയാണ് വരാൻ പോകുന്നത് – ശരിക്കും മനസ്സിലാകും. അപ്പോൾ പിന്നെ ഏതൊരു മുകളിലെ സന്ദേശമുണ്ടോ, ബുദ്ധി ഏതൊരു കാര്യത്തെ മനസ്സിലാക്കിയിരുന്നോ, പ്രജ്ഞയുടെ ബലത്തിൽ നമ്മുടെ അന്തർമനസ്സും ഈ കാര്യത്തെ മനസ്സിലാക്കാൻ തുടങ്ങും എന്നിട്ട് വികാരങ്ങളിൽ നിന്നും പുറത്തു വരാൻ തുടങ്ങും. അനാരംഭി ആകാൻ തുടങ്ങും.

ആ ദിനങ്ങളിൽ അനാരംഭിയുടെ ഒരു അർത്ഥം അഹിംസകൻ എന്നായിരുന്നു. ഭഗവാൻ മഹാവീരൻ പറഞ്ഞു, ആര് അനാരംഭിയാണോ, ഞാൻ അവനെ അനാരംഭി എന്നു വിളിക്കുന്നു. ആർക്ക് എന്തു മനസ്സിലാകാനാണ്? ഏതൊരാൾ അഹിംസകനാണോ, അയാളെ അഹിംസകനെന്നു വിളിക്കുന്നു. ആ സമയത്തെ ജനങ്ങൾ മനസ്സിലാക്കിയിരുന്നു. ഇപ്പോൾ വിപശ്യന ചെയ്യുകയാണെങ്കിൽ കാര്യം മനസ്സിലാകും. ഏതൊരാൾ സ്വന്തം ചിത്തധാരയിൽ ഒരു വികാരത്തെയും ആരംഭം ചെയ്യാൻ അനുവദി ക്കുന്നില്ലയോ, അയാൾ ശരിയായ അർത്ഥത്തിൽ അഹിംസകനാണ്. പുറമെ പുറമെ തന്നെ ആയിരം അഹിംസകനെന്നു വിശ്വസിച്ച് പോകാം. നല്ലതാണ്, പുറമെ പുറമെയും അഹിംസകൻ ആകേണ്ടതുണ്ട്. ഹിംസ ചെയ്യാൻ പാടില്ല. അയ്യോ, അകം വരെ അഹിംസകനാകേണ്ടതുണ്ട്. ചിത്തധാരയിൽ വികാരം ഉണരാൻ തന്നെ സമ്മതിക്കരുത്. അത്തരം അനാരംഭി ആയിത്തീർന്നാൽ, അപ്പോൾ ശരിയായ അർത്ഥത്തിൽ അഹിംസകൻ ആയിത്തീർന്നു. ചിത്തം നിർമ്മലമാകാൻ തുടങ്ങി. രാഗവിഹീനമാകാൻ തുടങ്ങി. ദ്വേഷവിഹീനമാകാൻ തുടങ്ങി. മോഹവിഹീനനാകാൻ തുടങ്ങി. എങ്കിൽ മനസ്സിലാക്കാം, നന്മ ഉണരാൻ തുടങ്ങി. മംഗളം ഉണരാൻ തുടങ്ങി. ഈ ജാതിയിലെയായാലും ആ ജാതിയിലെയായാലും ഈ വർണ്ണത്തിന്റെയായാലും ആ വർണ്ണത്തിന്റെയായാലും, ഒരു വ്യത്യാസവും വരുന്നില്ല. ആര് സ്വന്തം ചിത്തത്തിൽ നിന്ന് രാഗം നീക്കിയോ, ദ്വേഷം നീക്കിയോ, മോഹം നീക്കിയോ, അവന്റെ മംഗളം തന്നെ മംഗളം. അവന്റെ നന്മതന്നെ നന്മ, അവന്റെ സ്വസ്തി തന്നെ സ്വസ്ഥി. അവന്റെ മുക്തി തന്നെ മുക്തി. മുക്തി തന്നെ മുക്തി.